# നവകേരളം എങ്ങോട്ട്

## അമേരിക്കൻ മലയാളികളുടെ പങ്കും സഹകരണ സാധ്യതകളും

- അവതരണം
**ശ്രീ. ജോൺ ബ്രിട്ടാസ്**, പാർളമെന്റ് അംഗം

കേരളത്തിന്റെ വികസന അനുഭവം പ്രധാനമായും രൂപപ്പെടുന്നത് അതിന്റെ ചരിത്രപരമായ ഭൂതകാലമാണ്, അത് ഉൽപാദന മേഖലകളുടെ വളർച്ചയെ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക വികസനത്തേക്കാൾ സാമൂഹിക വികസനത്തിന് മുൻഗണന നൽകുന്നതാണ്. സാമൂഹികവും മാനവ വികസനത്തിൽ ഊന്നിയ തുമായ ആവശ്യങ്ങളോടുള്ള സംസ്ഥാന പ്രതികരണം മൂലധന രൂപീകരണം വർദ്ധിപ്പിക്കുന്നതിനുള്ള പരമ്പരാഗത ശ്രമങ്ങളേക്കാൾ വിജയിച്ചു. ഉയർന്ന മാനുഷികവും സാമൂഹികവുമായ വികസനം ഗൾഫ് രാജ്യങ്ങളിലേക്കുള്ള വ്യക്തികളുടെ വലിയ തോതിലുള്ള കുടിയേറ്റത്തിലേക്ക് നയിച്ചു, കേരളം ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് മൂന്നിരട്ടി ജനസാന്ദ്രതയുള്ളതാണ്. കഴിഞ്ഞ 50 വർഷമായി കേരളത്തിന്റെ ഉത്പാദന മേഖലകളെ മറികടന്നു സേവന മേഖലയ്ക്ക് ഇത്രമേൽ പ്രാധാന്യം ലഭിച്ചതിന്റെ ഒരു കാരണം വർധിച്ച ജനസാന്ദ്രത മൂലം ഇല്ലാതായ ഭൂമിയുടെ ലഭ്യതക്കുറവാണ്. പലപ്പോഴും കേരളത്തിലേക്ക് ഒഴുകിയെത്തുന്ന പ്രവാസി പണത്തിന്റെ പ്രതിഫലനമായും വിലയിരുത്താറുണ്ട്. കഴിഞ്ഞ അമ്പതുവർഷം കൊണ്ട് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്തുണ്ടായ എല്ലാ മാറ്റങ്ങളിലും പ്രവാസികളുടെ പങ്കു വിസ്മരിക്കാനാകില്ല.

കോവിഡ് കാലത്ത് ഉണ്ടായ പ്രത്യേക സാഹചര്യം കാരണം ഈ വർഷത്തെ പ്രവാസി പണത്തിൽ കുറവുണ്ടായെങ്കിലും കേരളത്തിന്റെ വരുമാനത്തിന്റെ മൂന്നിലൊന്നിലധികം പുറംകേരളത്തിന്റെ സംഭാവനയാണ്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കഴിഞ്ഞ വർഷങ്ങളിൽ പുറംകേരളത്തിൽ നിന്നും എത്തുന്ന പണം കേരളത്തിൻറെ ആഭ്യന്തര ഉത്പാദനത്തിന്റെ 36 ശതമാനത്തോളം വരും എന്നാണ് കണക്ക്. പക്ഷെ പുറം വരുമാനം നമ്മുടെ മൊത്ത വരുമാനത്തിൽ ആനുപാതികമായ മാറ്റം ഉണ്ടാക്കാറില്ല. കേരളത്തിൽ പലപ്പോഴും പുറം വരുമാനവും കേരളത്തിന്റെ ഉത്പാദനമേഖലകളുമായും ഒരു വിപരീത ബന്ധമാണ് ഉള്ളത്. ഈ വിപരീത ബന്ധത്തെ ഡച്ച് ഡിസീസ് എന്നാണ് വികസന സാഹിത്യത്തിൽ പ്രതിപാദിക്കുന്നത്.

കേരളത്തിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റത്തിന്റെയും തുടർന്നു നിർമ്മാണ രംഗത്തുണ്ടായ വളർച്ചയുടെയും ഫലമായി കായിക പ്രധാനമായ പണികളിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുകയും കൂലി നിരക്കുകൾ ഉയരുകയും ചെയ്തു. ഇത് കൃഷിയേയും, വ്യവസായത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. കൂടാതെ വില ഘടനയിൽ കാര്യമായ മാറ്റം ഉണ്ടാകുകയും ചെയ്തു. വസ്തുവകകളുടെയും പലതരം സേവനങ്ങളുടെയും വിലഉയർന്നത് ഈ പശ്ചാത്തലത്തിലാണ്. ആയതിനാൽ കേരളത്തിലെ ഉത്പാദന ചെലവ് ഗണ്യമായി വർധിച്ചു. എന്നാൽ കുടിയേറ്റവും പുറംവരുമാനത്തിന്റെ വരവും കൃഷിയിലും, വ്യവസായത്തിലും പൊതുവെ സൃഷ്ടിച്ച ഈ വിപരീത പ്രത്യാഘാതം സേവനരംഗത്തെ ബാധിച്ചില്ല; മറിച്ച് ഉത്തേജിപ്പിക്കുകയാണ് ചെയ്തത്.

ഇത്തരം പ്രത്യേക സാഹചര്യം കൂടി കണക്കിലെടുത്താണ് സർക്കാർ നവകേരള കർമ്മ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നവകേരളം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടോടെയാണ് സംസ്താന സർക്കാർ പ്രവർത്തിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിക്കുന്നത്. കാർഷിക - വ്യവസായ മേഖലയെ ശക്തിപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ക്ഷേമ പദ്ധതികളെ ശക്തിപ്പെടുത്തുക, പശ്ചാത്തല സൗകര്യം മുന്നോട്ടുകൊണ്ടുപോവുക തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചത്. അതോടൊപ്പം മതനിരപേക്ഷവും സമാധനപരമായ ജീവിതവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഇതിന്റെ ഫലമായി കേരളീയരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞു. ഒന്നും നടക്കില്ല എന്ന അവസ്ഥയിൽ നിന്ന് പലതും സാധ്യമാകുമെന്ന അവസ്ഥയിലേക്ക് കേരളീയരുടെ ബോധത്തെ പരിവർത്തിപ്പിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധ്യമാവുകയും ചെയ്തു.നേടിയ നേട്ടങ്ങളെ

സംരക്ഷിക്കാനും പുതിയ മേഖല കളിലേക്ക് കടന്നുചെല്ലുന്നതിനുമുള്ള വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പി ക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

നിലവിൽ കേരളത്തിന്റെ പ്രവാസി സമൂഹം കേരളത്തിൽ നിന്നുള്ള സാധനങ്ങൾക്കും സേവനങ്ങൾക്കും വിദേശത്ത് വളരെ ചലനാത്മകമായ വിപണി സൃഷ്ടിച്ചെടുത്തിട്ടുണ്ട്. പ്രവാസിസമൂഹങ്ങൾ കേരളത്തിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും അവസരം ഒരുക്കുന്നു എന്നതും ശ്രദ്ധേയമാണ്. പുതിയ തല മുറയ്ക്കു അന്തർദേശീയ തൊഴിൽ വിപണിയിലേക്ക് എത്തിപ്പെടാനുള്ള കൈത്താങ്ങായും പ്രവാസിസമൂഹം പ്രവർത്തിക്കുന്നു. ഈ ചിത്രത്തിന്റെ മറുവശം എന്ന നിലയ്ക്കു, വിശ്വപരപ്പിൽ പ്രത്യക്ഷപ്പെടുന്ന പുതിയ അറിവുകളേയും, ആശയങ്ങളേയും, സാങ്കേതിക വിദ്യ കളേയും, സാധനങ്ങളേയും, സേവനങ്ങളേയും, മൂലധന ത്തേയും നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള മാധ്യമം എന്ന നിലയ്ക്കും പ്രവാസി സമൂഹം പ്രവർത്തിക്കുന്നുണ്ട്. സാധ്യതകളുടെ ഈ പുതിയ ചക്രവാളത്തെ കണ്ണ് തുറന്ന് കാണാനും ഉൾക്കൊള്ളാനും നാം തയ്യാറാവണം.

ലോക കേരളസഭയുടെ ഒരു പ്രധാന ഉദ്ദേശം, മേൽ വിവരിച്ചതുപോലെ, പ്രവാസികളെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ പ്രധാന പങ്കാളികളും ചാലക ശക്തികളുമായി മാറ്റുക എന്നതാണ്. കേരളത്തിൽ ജനിച്ചുവളർന്നവർക്ക് ഇവിടെ തൊഴിൽ ചെയ്ത് വളരുന്നതിനുള്ള സാഹര്യം സൃഷിടിക്കുന്നതിനാണ് സർക്കാർ ഇടപെടുന്നത്. അതിന് വിവിധ മേഖല കളിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന തിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവിടെ എടുത്തു പറയേണ്ട കാര്യം പ്രവാസികളുടെ വൈജാത്യ മാണ്. വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന പ്രവാസികളുണ്ട്. വാണിജ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്. വിദേശ സർവ്വകലാശാല കളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന വരുമുണ്ട്. വിദേശ ആശുപത്രികളിൽ പ്രവർത്തിക്കുന്ന വിദഗ്ധ ഡോക്ടർമാരും നേഴ്സിംഗ്, സാങ്കേതിക വിദഗ്ധരുമുണ്ട്. മാനേജ്മെന്റ് മേഖലയിലും കൺസൾട്ടൻസി മേഖലയിലും അടിസ്ഥാന സൗകര്യമേഖലയിലും നിർമ്മാണ രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചവരുമുണ്ട്. ഇവരുടെ അറിവും അനുഭവപരിചയവും ഫലപ്രദമായി കേരളത്തിൽ എങ്ങനെ ഉപയോഗിക്കാം എന്ന് പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിന്റെ സർവ്വോന്മുഖമായ വികസനം ലക്ഷ്യമിട്ടു അതുനുള്ള സമയ ബന്ധിതമായ കർമ്മ പദ്ധതിയുമായി മുന്നേറുമ്പോളും സമൂഹത്തിന്റെ ഏറ്റവും പിന്നിലുള്ള ജനസമൂഹങ്ങളുടെയും സർവ്വോന്മുഖമായ പുരോഗതിയും വികസന കർമ്മ പദ്ധതിയുടെ ഭാഗമാക്കിയാണ് കേരളം മുന്നേറുന്നത്.

സുസ്ഥിരവികസനത്തിൽ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. നീതി ആയോഗിന്റെ 2020-21 സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ സുസ്ഥിര വികസനത്തിൽ കേരള രാജ്യത്ത് ഒന്നാമതെത്തി. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ ക്കിടയിലും നമുക്കിത് സാധിച്ചു എന്നത് നേട്ടത്തിന്റെ മാറ്റു കൂട്ടുന്നു. 2018-ൽ നീതി ആയോഗിന്റെ ആദ്യ സൂചികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരളം തുടർന്നുള്ള വർഷങ്ങളിലും ആ സ്ഥാനം നിലനിർത്തുകയാണ് ചെയ്തത്. 115 വികസന സൂചകങ്ങളെ അടിസ്ഥാനമാക്കി 17 പ്രധാന സാമൂഹ്യ ലക്ഷ്യങ്ങൾ എത്ര മാത്രം കൈവരിച്ചു എന്ന് കണക്കാക്കുന്ന ഈ സൂചികയിൽ 100-ൽ 69 പോയിന്റായിരുന്നു 2018-ൽ നേടിയത്. എന്നാൽ ഇത്തവണ അത് 75 പോയിന്റായി ഉയർത്താൻ ന മുക്കു സാധിച്ചിരിക്കുന്നു. ദാരിദ്ര്യ നിർമ്മാർജനം, വിശപ്പു രഹിത സമൂഹം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ കേരളം ആദ്യസ്ഥാനങ്ങളിൽ ഇടംനേടി.

യുവജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയെന്ന സർക്കാർ നയത്തിന് മുതൽകൂട്ടാകുന്ന വിധത്തിൽ 2016-21 കാലയളവിൽ ടെക്നോപാർക്ക് 13000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2021-23 ൽ 7500 തൊഴിലവസ രങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പദ്ധതി വഴി 31935 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്

വ്യവസായ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളും പദ്ധതികളുമായി സംസ്ഥാന വ്യവസായ നയം-2023 നിലവിൽ വന്നു. കാലത്തിനനുസൃതമായ ആധുനിക വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യവസായ നയം, കേരളത്തെ രാജ്യത്തെ ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തിലാണ് നടപ്പാക്കുക. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ച്, നവീന ആശയങ്ങൾ വളർത്തി, സുസ്ഥിര വ്യ വസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന്

സഹായകമായ പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന സമഗ്ര നയമാണ് കേരള വ്യവസായ നയം 2023. 2023 -24 സാമ്പത്തിക വർഷത്തെ നിക്ഷേപ ക വർഷമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുക.

നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കൊണ്ടുവരുന്ന വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണമായും സംരംഭക സൗഹൃദമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. അഭ്യസ്തവിദ്യരായ യുവാക്കളെ സംരംഭകലോകത്തേക്ക് കൈപിടിച്ചുയർത്താൻ നിരവധി പദ്ധതികൾ വ്യവസായ നയം മുന്നോട്ടുവെക്കുന്നു. വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കേരളമാണ് എന്ന യാഥാർഥ്യത്തിലൂന്നി ഈ മേഖലയിലെ സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളും വ്യവസായ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉത്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.

മുൻഗണന മേഖലകളിലൂന്നിയ വ്യവസായവൽക്കരണമാണ് നയം ലക്ഷ്യമിടുന്നത്. എയ്റോസ്പേസ് ആൻഡ് ഡിഫൻസ് നിർമിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, രൂപകൽപ്പന (ഡിസൈൻ), ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം രൂപകൽപ്പനയും ഉത്പാദനവും, എഞ്ചിനീയറിങ്ങ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രഫീൻ, ഉയർന്ന മൂല്യവർധിത റബർ ഉത്പന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിങ്ങ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജം, ചില്ലറ വ്യാപാര മേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3-ഡി പ്രിന്റിങ്ങ് എന്നിങ്ങനെ 22 മുൻഗണന മേഖലകളിലെ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണ വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നീ ഉപനയങ്ങളിലൂടെ സമഗ്രപിന്തുണ നൽകും.

സംരംഭക വർഷം പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് സർക്കാർ ശ്രമിച്ചതെങ്കിലും 245 ദിവസങ്ങൾക്കുള്ളിൽ 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. നിലവിൽ 1,30,000 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 7900 കോടി രൂപയുടെ നിക്ഷേപവും 2,81,333 തൊഴിലവസരങ്ങളും (9/2/2022 വരെ) പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുണ്ട്.സംരംഭങ്ങൾക്ക് 7 ദിവസത്തിനുള്ളിൽ അനുമതി - കേരളത്തിൽ വ്യവസായ നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ 'കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2021' ലൂടെ ലളിതമാക്കിയിട്ടുണ്ട്.വ്യവസായ സംരംഭങ്ങൾക്ക് അംഗീകാര പത്രം നൽകുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെ - സ്വിഫ്റ്റിന്റെ പുതിയ പതിപ്പ് വഴി 21 വകുപ്പുകളിലായി 90-ലധികം സേവനങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ നൽകി വരുന്നു.

ഇത്തരത്തിൽ സർവതോന്മുഖമായ വികസന പരിപാടികളിലൂടെ നവകേരള കർമ്മപദ്ധതിയുടെ ലക്ഷ്യങ്ങൾ നാം കൈവരിച്ചു വരുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ പ്രധാന ചാലകശക്തിയായി പ്രവർത്തിക്കേണ്ട വിഭാഗമാണ് പ്രവാസികൾ. പ്രവാസികളുടെ, പ്രത്യേകിച്ച് അമേരിക്കൻ പ്രവാസികളുടെ ഇടപെടലുകൾ സാധ്യമാകുന്ന മേഖലകൾ സമ്മേളനത്തിൽ വിശദമായ ചർച്ചകൾക്ക് വിധേയമാകും.

## അമേരിക്കൻ മലയാളികളുമായുള്ള സഹകരണ സാധ്യതകൾ

അമേരിക്കൻ മലയാളികളിൽ ഭൂരിപക്ഷവും സ്ഥിര കുടിയേറ്റം നടത്തിയ മലയാളികളാണ്. ആരോഗ്യ മേഖലയിലും ഐടി രംഗത്തും വ്യവസായ രംഗത്തും കഴിവ് തെളിയിച്ച ആയിരകണക്കിന് മലയാളികൾ അമേരിക്കയിലുണ്ട്. നവകേരള നിർമ്മാണത്തിൽ അമേരിക്കൻ മലയാളികൾക്ക് പ്രാഥമികമായി ഇടപെടാൻ കഴിയുന്നത് ക്രീയാത്മകമായ നിക്ഷേപം വഴിയാണ്.

പ്രവാസി നിക്ഷേപം, കേരളത്തിന്റെ മുതലാളിത്ത വളർച്ചയുടെ, വിശേഷിച്ചും മൂലധന ഗ്രൂപ്പുകളുടെ വളർച്ചയുടെ സമകാലിക ചരിത്രത്തിലെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് ആരും അർഹിക്കുന്ന ഗൗരവത്തോടെ പഠിച്ചിട്ടുള്ളതായി കാണുന്നില്ല. കേരളത്തിൽ നിന്നു കൊണ്ട് പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെക്കാളും വ്യക്തികളെക്കാളും സമ്പന്നരായി പ്രവാസി വിഭാഗം മാറുകയുണ്ടായി. എന്നാൽ മറുനാട്ടിൽ ഉയർന്നു വളർന്നതും, നാട്ടിൽ തുടങ്ങി മറുനാടുകളിലേക്കു പടർന്നു പന്തലിക്കുന്നതുമായ നിരവധി പുതിയ ഗ്രൂപ്പുകൾ ഉണ്ടുതാനും.

അതെന്തായാലും വളർന്നു വരുന്ന മലയാളി മൂലധനത്തിന് പുറംകേരളവുമായി ഇഴപിരിച്ചെടുക്കാനാവാത്ത ബന്ധമാണുള്ളത്. ലോകത്തെ അതിസമ്പന്നരുടെ പട്ടിക തയ്യാറാക്കുന്ന ഫോർബ്സ് മാസികയുടെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഈ വസ്തുത കൂടുതൽ വ്യക്തമാകുന്നതാണ്. ഫോർബ്സ് മാസികയുടെ അതിസമ്പന്നരായ ഇന്ത്യക്കാരുടെ പട്ടികയിൽ ഇടം നേടിയിട്ടുള്ള അനേകം മലയാളികളുണ്ട്. അവരെല്ലാം തന്നെ പുറംകേരളത്തിൽ നിന്നു ഊർജ്ജമുൾക്കൊണ്ട് വളർന്നവരാണ്. ലോകത്തിലെ മൂലധനം പരിശോധിച്ചാൽ കേരളത്തിലെ സംരംഭകരുടെ പണവും സ്വാധീനവും വർദ്ധിച്ചുവരുന്നതായി കാണാം. കേരളത്തിനകത്തും പുറത്തുമുള്ള വാണിജ്യ പദ്ധതികളിലൂടെയാണ് ഇത് സമാഹരിച്ചിട്ടുള്ളത്.

ഈ മൂലധനം ഇന്നു കേരളീയ ജീവിതത്തിന്റെ സകല തുറകളെയും നിർണ്ണായകമാംവിധം സ്വാധീനിക്കാൻ പാകത്തിൽ വളർന്നിരിക്കുന്നു. വ്യാപാരം, വാണിജ്യം, വ്യവസായം, ബാങ്കിംഗ്, നിർമ്മാണം, റിയൽ എസ്റ്റേറ്റ്, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം, മാധ്യമങ്ങൾ, സിനിമ തുടങ്ങിയ രംഗങ്ങളിൽ വർധിച്ചു വരുന്ന ഈ സ്വാധീനം പ്രകടമാണ്. ഇത്തരത്തിൽ അമേരിക്കൻ പ്രവാസികളിലെ വലിയ ശതമാനത്തിനു വലിയ തോതിലുള്ള സംരംഭകത്വം നടത്താനും അതിൽ വലിയ തോതിലുള്ള നിക്ഷേപങ്ങൾ നടത്താനും ശേഷിയുള്ളവരാണ്.

കൂടാതെ അമേരിക്കൻ മലയാളികളിൽ വൻ തോതിൽ വിദ്യാഭ്യാസം സിദ്ധിക്കുകയും അതു പയോഗിച്ച് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വ്യാപിച്ച് വിവിധ മേഖലകളിൽ വിദഗ്ധരായവരും ഏറെയുണ്ട്. അവരുടെ സാങ്കേതിക പരിജ്ഞാനവും അറിവും നവകേരള നിർമ്മാണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താനാവും എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ഇത്തരം അവസരങ്ങൾ കൂടി മുന്നിൽ കണ്ടു കൊണ്ടു ഭാവിയെ ലക്ഷ്യമാക്കി നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തുവരുന്നു. അവയിൽ പ്രവാസികൾക്ക് നിക്ഷേപക സാധ്യതകൾ ഉള്ളതും അവരുടെ വൈദഗ്ദ്യം ഉപയോഗിക്കാൻ അവസരമുള്ളതുമായ പ്രധാനപ്പെട്ട മേഖലകൾ ലോക കേരള സഭാ അംഗങ്ങളുമായി പങ്കുവയ്ക്കുകയാണ്.

### ✈ ടെലികമ്മ്യൂണിക്കേഷൻ രംഗം

5ജി വയർലെസ് സാങ്കേതികവിദ്യയുടെ വരവോടെ ടെലികമ്മ്യൂണിക്കേഷൻ രംഗം രാജ്യത്താകമാനം വലിയ വികസന സാധ്യതകളാണ് തുറന്നിടുന്നത്. കൂടുതൽ വിശ്വാസ്യത, ഉയർന്ന നെറ്റ്‌വർക്ക് കപ്പാസിറ്റി, വർദ്ധിച്ച ലഭ്യത, എന്നിവ കൂടുതൽ ഉപയോക്താക്കൾക്ക് നൽകാനാണ് 5G വയർലെസ് സാങ്കേതികവിദ്യ ലക്ഷ്യമിടുന്നത്.

2022-23 ലെ സംസ്ഥാന ബജറ്റിൽ 5G ലീഡർഷിപ്പ് പാക്കേജ് പ്രഖ്യാപിച്ച് 5G ആഗോള വിപ്ലവത്തിൽ കേരളത്തെ രാജ്യത്തെ മുൻനിര സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ കേരളം ഇതിനകം സ്വീകരിച്ചിട്ടുണ്ട്. K-FON കമ്മീഷൻ ചെയ്യുന്നതോടെ ഏറ്റവും ഉയർന്ന വേഗതയുള്ള ഫൈബർ ഡാറ്റ കണക്റ്റിവിറ്റിയുള്ള സംസ്ഥാനമായി കേരളം മാറും. ഐടി പാർക്കുകൾ, പബ്ലിക് സോണുകൾ, പരിശീലന പാർക്കുകൾ എന്നിവിടങ്ങളിൽ 5G സോണുകൾ സ്ഥാപിക്കുക വഴി ഐടി മേഖലയിൽ ഉന്നതമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാൻ സർക്കാരിനു സാധിക്കും. പാർക്കുകൾക്കും ഐടി ഇടനാഴികൾക്കും ഇടയിൽ അതിവേഗ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിലൂടെ ഐടി ഉൽപ്പന്നങ്ങളുടെ നിലവിലെ കയറ്റുമതിയും അനുബന്ധ സേവനങ്ങളും അടുത്ത അഞ്ചു വർഷം കൊണ്ട്

ഇരട്ടിയാകും.

കേരളത്തിലെ ഐടി പാർക്കുകൾ, പ്രധാന റോഡുകൾ, പ്രധാന റസിഡൻഷ്യൽ ഏരിയകൾ, മെട്രോകൾ, എയർപോർട്ടുകൾ, സർക്കാർസ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെല്ലാം 2023 ഡിസംബർ അവസാനത്തോടെ പൂർണ്ണമായും 5G സാങ്കേതിക വിദ്യയുടെ ഭാഗമാകും. ഇതുവഴി കേരളത്തിൻറെ ഐടി സാധ്യതകൾ വലിയതോതിൽ വർധിക്കുമെന്നത് തീർച്ചയാണ്.

### ✈ ബഹിരാകാശ – പ്രതിരോധ രംഗത്തെ സാധ്യതകൾ

കേരള സർക്കാരിന്റെ പ്രധാന സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക് പദ്ധതി (KSPACE). കേരളത്തെ ഒരു പ്രധാന ലോക എയ്റോ (സ്പേസ്) ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് K-SPACE പ്രവർത്തിക്കുന്നത്. സ്പേസ് എക്സ്, ബ്ലൂ ഒറിജിൻ, വിർജിൻ ഗാലക്റ്റിക് തുടങ്ങിയ സ്വകാര്യ സംരംഭങ്ങളുടെ കടന്നുവരവോടെ ആഗോള ബഹിരാകാശ മേഖല വലിയ സാധ്യതകൾ തുറന്നിടുന്നു. കൂടാതെ ബഹിരാകാശ മേഖല സ്വകാര്യ സംരംഭങ്ങൾക്കായി തുറന്നുകൊടുത്തിരിക്കുകയാണ് ഇന്ത്യാ ഗവൺമെന്റ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. അക്കാദമിക് സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും വിപുലമായി സഹകരിക്കാൻ സ്പെയ്സ് പാർക്ക് പദ്ധതിയിടുന്നു. കൂടാതെ ദേശീയ അന്തർദേശീയ ബഹിരാകാശ ഏജൻസികളുമായും യുകെ, ഫ്രഞ്ച്, ഓസ്ട്രേലിയൻ ബഹിരാകാശ ഏജൻസികളുമായി ഇതിനകം ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാവസായിക ക്ലസ്റ്ററുകളും കിൻഫ്രയിൽ ഡിഫെൻസ് പാർക്കും സജ്ജീകരിച്ചു വരുന്നു.

2040ഓടെ ആഗോള ബഹിരാകാശ സമ്പദ്വ്യവസ്ഥ നിലവിലെ 371 ബില്യൺ ഡോളറിൽ നിന്ന് 1 ട്രില്യൺ ഡോളറായി വളരുമെന്ന് പ്രവചിക്കപ്പെടുന്നു. ആഗോള ബഹിരാകാശ സമ്പദ്വ്യവസ്ഥയിൽ ഇന്ത്യയുടെ പങ്ക് നിലവിലെ 5 ബില്യണിൽ നിന്ന് 100 ബില്യൺ വരെ വളരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ പത്തു ശതമാനം 10 ബില്യൺ ഡോളർ (80,000 കോടി രൂപ) എങ്കിലും സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് സംഭാവന ചെയ്യാനുള്ള ശ്രമമാണ് K-SPACE നടത്തിവരുന്നത്. ഇതുവഴി 2040-ഓടെ ഏകദേശം 1,50,000 തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കപ്പെടും.

### ✈ സൂക്ഷ്മ കൃഷിരീതി (Precision Farming)

കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനക്ഷമത വിപുലമായ പരിപാടികളാണ് കേരളം ഏറ്റെടുത്തിരിക്കുന്നത്. 'മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM)' വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക. മൂല്യവർദ്ധിത കൃഷി ഉൽപ്പാദനം വർധിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാതെ വിപണനം മേഖലയിൽ പ്രാഥമിക കാർഷികോൽപ്പന്നങ്ങളുടെ മൂല്യം വർധിപ്പിച്ചു കർഷകന് ലാഭം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് മിഷൻ പ്രധാനമായും ഏറ്റെടുക്കുന്നത്.

വെള്ളം, വളം, കീടനാശിനികൾ, പോഷകങ്ങൾ മുതലായവ ശരിയായ സമയത്തും കൃത്യമായ അളവിലും നൽകി ഉൽപ്പാദനക്ഷമത വർധിപ്പിച്ച് പരമാവധി വിളവ് വർദ്ധിപ്പിക്കുന്ന കൃഷിരീതിയാണ് പ്രിസിഷൻ ഫാമിംഗ്. വളരെ കുറഞ്ഞ അളവിൽ വളം ഉൾപ്പെടെയുള്ളവ നൽകി കൃഷി ചെലവ് കുറയ്ക്കുകയും കൃത്യമായ സാങ്കേതിക അവബോധം സൃഷ്ടിക്കുകയും വഴി ഒരു സുസ്ഥിര കാർഷിക മേഖല സൃഷ്ടിക്കാൻ സർക്കാർ ശ്രമിച്ചു വരുന്നു.

VAAM-ന് കീഴിൽ, കൃത്യമായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സെൻസർ അധിഷ്ഠിത പ്രിസിഷൻ ഫാമിംഗ് പോലെയുള്ള നൂതന സാങ്കേതിക വിദ്യകളും കൃഷിരീതികളും ഉപയോഗപ്പെടുത്തുവാൻ ഇസ്രയേൽ പോലെയുള്ള രാജ്യങ്ങളുമായി അന്താരാഷ്ട്ര സഹകരണം നിലവിലുണ്ട്.

നിലവിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ, ഹൈടെക് ഹോർട്ടികൾച്ചറൽ യൂണിറ്റ്, പച്ചക്കറികൾക്കുള്ള പ്രിസിഷൻ ഫാമിംഗിനെ കുറിച്ച് ഗവേഷണം നടത്തിവരുന്നു. ഒരു കമ്മ്യൂണിറ്റി മൈക്രോ ഇറിഗെഷൻ പദ്ധതി ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഐഐഡിസി) പാലക്കാട് ജില്ലയിൽ വിജയകരമായി നടപ്പാക്കി

കൂടാതെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്എച്ച്എം) സൂക്ഷ്മ കൃഷിയെക്കുറിച്ചുള്ള അവബോധസൃഷ്ടിക്കുന്നതിൽ മുൻപന്തിയിലാണ്. രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് കീഴിൽ 'കേരളത്തിൽ ഓപ്പൺ പ്രിസിഷൻ ഫാമിംഗിന്റെ ജനകീയവൽക്കരണം' - റഫ്താർ, 2022-23 എന്ന പേരിൽ സൂക്ഷ്മ കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി മിഷൻ നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ ജില്ലാ ഹോർട്ടികൾച്ചർ

മിഷനുകൾ വഴി സംസ്ഥാനത്തെ ഒൻപതു ജില്ലകളിലെ 2,000 ഹെക്ടറിൽ സൂക്ഷ്മ കൃഷി നടപ്പിലാക്കാനുള്ള പദ്ധതി കാർഷിക രംഗത്ത് തന്നെ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കും.

കണക്കുകൾ പ്രകാരം, ആഗോള പ്രിസിഷൻ ഫാമിംഗ് മാർക്കറ്റ് 2026-ഓടെ 14.6 ബില്യൺ ഡോളറിൽ എത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇന്ത്യയുടെ സൂക്ഷ്മ കാർഷിക വിപണിയുടെ മൂല്യം 57 മില്യൺ യു.എസ് ഡോളറിൽ നിന്ന് 10 ശതമാനത്തിലധികം വളർന്ന് 2025-ഓടെ 99 മില്യൺ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ പ്രിസിഷൻ ഫാമിംഗ് മാർക്കറ്റിന്റെ വിപണി സാധ്യത ഏകദേശം 3.4 ബില്യൺ യുഎസ് ഡോളർ ആണ്. ഇത് ചൂണ്ടിക്കാണിക്കുന്നത് കേരള സർക്കാരിന്റെ ഈ മേഖലയിലുള്ള ഇടപെടലുകൾ പ്രിസിഷൻ ഫാമിംഗ് മാർക്കറ്റ് രംഗത്ത് ശക്തമായ സാന്നിധ്യമാകാൻ സമീപ ഭാവിയിൽ നമുക്ക് സാധിക്കും എന്നതാണ്.

### ഊർജ്ജ സുരക്ഷ സുസ്ഥിര മാർഗ്ഗങ്ങൾ

കഴിഞ്ഞ നൂറ്റാണ്ടുകളിലെ കൽക്കരി പോലെ 21-ാം നൂറ്റാണ്ടിൽ ഹൈഡ്രജൻ ഒരു പ്രാഥമിക വ്യാവസായിക ഇന്ധനമായി മാറുമെന്നു പ്രതീക്ഷിക്കുന്നു. ഗ്രീൻ ഹൈഡ്രജൻ പോലെയുള്ള കണ്ടെത്തലുകൾ ഭാവിയിൽ ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്താനും കാർബൺ എമിഷൻ കുറയ്ക്കാനുമൊക്കെ സഹായിക്കുന്നവയാണ്.ഫോസ്സിൽ ഇന്ധനങ്ങൾക്ക് പകരം വ്യവസായ രംഗത്തും ഓട്ടോമൊബൈൽ രംഗത്തും ഗ്രീൻ ഹൈഡ്രജൻ ഉപയോഗിക്കുക വഴി വൻതോതിൽ ചെലവ് കുറയ്ക്കുവാനും മലിനീകരണം ഒഴിവാക്കുവാനും സാധിക്കും.

നിലവിൽ 2040-ഓടെ '100% പുനരുപയോഗ ഊർജ അധിഷ്ഠിത സംസ്ഥാനം' ആകാനും 2050-ഓടെ നെറ്റ് കാർബൺ ന്യൂട്രൽ' സംസ്ഥാനമാകാനുമാണ് കേരളം ലക്ഷ്യമിടുന്നത്. ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദനത്തിന് അനുകൂലമായ ഒരു സവിശേഷമായ ആവാസവ്യവസ്ഥയാണ് കേരളത്തിനുള്ളത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ. ഉയർന്ന വാർഷിക മഴ, ഉയർന്ന സൗരോർജ്ജം, വേലിയേറ്റം എന്നിവയുടെ ലഭ്യത, കാറ്റ് (കരയിലും കടൽത്തീരത്തും) വലിയ ജലസംഭരണികളുടെ/ജലാശയങ്ങളുടെ സാന്നിധ്യവും ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾക്ക് രൂപം കൊടുക്കാൻ കേരളത്തിന് മുതൽകൂട്ടാണ്. കേരളത്തിന് ഉപയോഗിക്കാൻ കഴിയുന്ന പുനരുപയോഗ ഊർജ്ജത്തിന്റെ 10% മാത്രമാണ് ഉപയോഗിക്കുന്നത്. ഫ്ലോട്ടിംഗ് സോളാർ പോലെയുള്ള കൃത്യമായ പദ്ധതികൾ നടപ്പിലാക്കിയാൽ കേരളത്തിന് ഗ്രീൻ ഹൈഡ്രജൻ കയറ്റുമതി ചെയ്യുന്ന സംസ്ഥാനമായി മാറുവാൻ സാധിക്കും.

ഹൈഡ്രജൻ ഉപഭോഗത്തിന് ആവശ്യമായ ശക്തമായ ആവാസവ്യവസ്ഥയാണ് കേരളത്തിൽ ഉള്ളത് റിഫൈനറികൾ, കെമിക്കൽ പ്ലാന്റുകൾ തുടങ്ങിയവ, ഫ്യൂവൽ സെൽ വെസലുകളുടെ വിന്യാസത്തിന് സാധ്യതയുള്ള വാട്ടർ മെട്രോ പോലുള്ള മൊബിലിറ്റി സൊല്യൂഷനുകൾ, പ്രകൃതിവാതകം, എൽപിജി പൈപ്പ് ലൈനുകൾ, സിജിഡി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നമുക്ക് മുതൽക്കൂട്ടാണ്.

ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സർക്കാർ 'കേരള ഹൈഡ്രജൻ ഇക്കണോമി മിഷൻ' രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, കേന്ദ്ര, സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധർ, സ്വകാര്യ മേഖല, അക്കാദമിക് വിദഗ്ദർ എന്നിവരടങ്ങിയ ഉന്നതതല വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചു കേരളത്തെ ആഗോള രംഗത്ത് ഹൈഡ്രജൻ ഉത്പാദനം-ഉപഭോഗം-കയറ്റുമതി രംഗത്തെ ഹബ് ആക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രാലയത്തിൻറെ കണ്ടെത്തലുകൾ പ്രകാരം ഇന്ത്യയിൽ ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള പത്തുസംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ ആവശ്യം പരിഗണിച്ചു മൊബിലിറ്റി, വ്യവസായം, ഊർജം എന്നീ മേഖലകളുടെ സഹായത്തോടെ ഒരു കൺസോർഷ്യം രൂപീകരിച്ചു കൊച്ചിയിലും തിരുവനന്തപുരത്തും ഹൈഡ്രജൻ വാലി' എന്ന പദ്ധതി കൂടി സർക്കാർ ആസൂത്രണം ചെയ്തുവരുന്നു.

### മെഡിക്കൽ സാങ്കേതികവിദ്യ (Medical Technology)

ഹൈ-റിസ്ക് മെഡിക്കൽ ഉപകരണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മെഡിക്കൽ ഉപകരണ വ്യവസായ മേഖലയ്ക്ക് പരമാവധി സേവനം ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ഡിവൈസ് പാർക്കുകൾ വികസിപ്പിക്കുവാൻ കേരളം ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ്

പോലെയുള്ള വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിലാണ് മെഡിക്കൽ ഡിവൈസ് പാർക്ക് സ്ഥാപിക്കുന്നത്.

കേരള സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) സഹകരിച്ചു 17 സ്റ്റാർട്ടപ്പുകൾ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മാർഗനിർദേശങ്ങൾ നൽകിയും, ഇന്നൊവേഷൻ ഗ്രാന്റുകൾ, സീഡ് ആൻഡ് എയ്ഞ്ചൽ ഫണ്ടിംഗ്, പേറ്റന്റിംഗ് തുടങ്ങിയ മേഖലകളിൽ ഒക്കെ മിഷൻ ഇവരെ സഹായിക്കുന്നുണ്ട്.

മെഡിക്കൽ ഡിവൈസസ് ആൻഡ് മെഡിക്കൽ ടെക്നോളജി (മെഡ്ടെക് മേഖലയിലെ നിക്ഷേപം, ഗവേഷണം, നവീകരണം, വികസനം, നിർമ്മാണം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെഎംടിസി) എന്ന കൺസോർഷ്യം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൺസോർഷ്യം വഴി അടുത്ത മൂന്നു വർഷത്തിനുള്ളിൽ 625 കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### കേരള സ്റ്റാർട്ട് അപ്പ് മിഷൻ

2015-ൽ 200 സ്റ്റാർട്ടപ്പുകളിൽ 128 കോടിയുടെ നിക്ഷേപമെന്നത് 2022-ൽ 4000 സ്റ്റാർട്ടപ്പിലൂടെ 4280 കോടിയായി വളർന്നു. സ്റ്റാർട്ടപ്പ് ഇന്ത്യ റാങ്കിങ് അനുസരിച്ച് സ്റ്റാർട്ടപ്പുകളുടെ വളർച്ചക്ക് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം.

സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ 63 ഇൻക്യൂബേറ്ററും, 375 മിനി ഇൻക്യൂബേറ്ററും, ഒരു സൂപ്പർ ഫാബ് ലാബും, 3 ഫാബ് ലാബും, 20 മിനി ഫാബ് ലാബും പ്രവർത്തിക്കുന്നു. 10 ലക്ഷത്തിലധികം ചതുരശ്രയടി ഇൻക്യൂബേഷൻ ഏരിയയുമുണ്ട്. ഇതിൽ 90 ശതമാനത്തിലധികവും 2016-നു ശേഷം ഒരുക്കിയതാണ്. 750 കോടിയിലധികം രൂപയാണ് സർക്കാർ ഫണ്ട് ഓഫ് ഫണ്ടായി സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയത്. 22.4 കോടി രൂപ ഇന്നോവേഷൻ ഗ്രാൻഡായും നൽകി.യുവ സംരംഭകത്വ വികസന പദ്ധതിക്കുകീഴിൽ 2016 മെയ് മുതൽ 2021 മെയ് വരെ 3200 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതുവഴി 32000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ, ഈ സർക്കാരിന്റെ കാലത്ത് അതായത് 2021 ജൂൺ മുതൽ നാളിതുവരെ 4127 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതുവഴി 42000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ & മാനുഫാക്ച്ചറിംഗ് പദ്ധതിക്ക് കീഴിൽ 2016-2021 വരെ വിവിധ ഇൻക്യൂബേറ്ററുകളിലൂടെ ഏകദേശം 192 ഓളം സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തികമായും സാങ്കേതികപരമായുമുള്ള സഹായം നൽകുവാനും 5 ഗവേഷണ വിദ്യാർത്ഥികൾക്ക് മാർഗനിർദ്ദേശം നൽകുവാൻ സാധിച്ചു. 2021 മുതൽ നാളിതു വരെ. വിവിധ ഇൻക്യൂബേറ്ററുകളിലൂടെ ഏകദേശം 151 ഓളം സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തികമായും സാങ്കേതികപരമായുമുള്ള സഹായം നൽകുവാനും സാധിച്ചു. 2022-ൽ 175 വനിത സ്റ്റാർട്ടപ്പുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തതെങ്കിൽ, 2023 ആദ്യപാദത്തിൽത്തന്നെ ഇവയുടെ എണ്ണം 233 കടന്നതായി കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത വനിത സ്റ്റാർട്ടപ്പുകളുടെ കണക്കുകൾ സൂചിപ്പിക്കുന്നു. വനിത സംരംഭകരിൽ 5 % വിദ്യാർഥിനികളും 95% പ്രൊഫഷണലുകളുമാണ്.

സ്റ്റാർട്ടപ്പ് മിഷന്റെ കീഴിലുള്ള ക്യൂറേറ്റഡ് സ്റ്റാർട്ടപ്പുകളിൽ ലോകമെമ്പാടുമുള്ള നിക്ഷേപകർക്കും മെൻടർമാർക്കും ടെക്നിക്കൽ വിദഗ്ദർക്കും ഭാഗമാകാം. അമേരിക്കൻ മലയാളികൾ നിലവിൽ തന്നെ വലിയ താല്പര്യം പ്രകടിപ്പിക്കുന്ന മേഖലയാണ് ക്യൂറേറ്റഡ് സ്റ്റാർട്ടപ്പ്. പ്രവാസികൾളേയും സ്റ്റാർട്ടപ്പുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ചാലകശക്തിയായി പ്രവർത്തിച്ചു സ്റ്റാർട്ടപ്പ് മിഷനു പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സാധിക്കും.

### ടൂറിസം മേഖല

കേരളത്തിലെ ടൂറിസം മേഖല കേരള ടൂറിസം 2.0 എന്ന പേരിൽ രണ്ടാം ഘട്ട വികസന പദ്ധതികളിലേക്ക് കടന്നു കഴിഞ്ഞു. ടൂറിസത്തെ ഒരു വ്യവസായമായി അംഗീകരിച്ചു കൊണ്ട് മേഖലയ്ക്ക് പ്രത്യേകമായ പശ്ചാത്തല വികസന പദ്ധതികൾ ആസൂത്രണം ചെയ്യുക, വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുക തുടങ്ങിയവ രണ്ടാം ഘട്ട പദ്ധതിയിൽ പ്രധാനമാണ്. മറ്റൊരു പ്രധാന പദ്ധതി 7 ടൂറിസം ഇടനാഴികളുടെ വികസനമാണ്. കോസ്റ്റൽ കോറിഡോർ, കോസ്റ്റൽ ഹൈവേ കോറിഡോർ, ജലപാത-, കനാൽ കോറിഡോർ, ദേശീയ പാത കോറിഡോർ, ഹെലി ടൂറിസം കോറിഡോർ, ഹിൽ ഹൈവേ കോറിഡോർ, റെയിൽവേ കോറിഡോർ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇടനാഴികൾ. ടൂറിസം ഇടനാഴികളുടെ വികസനത്തിനായി സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളെ ലോകോത്തര നിലവാരത്തിലേക്ക്

വികസിപ്പിക്കുകയും ചെയ്യും.

രണ്ടാം ഘട്ട വികസനത്തിൽ വലിയ നിക്ഷേപക സാധ്യത കളാണ് ടൂറിസം മേഖല തുറന്നിടുന്നത്. കൂടാതെ കേരള ടൂറിസത്തിന്റെ അംബാസിഡർമാരായി ഓരോ പ്രവാസി മലയാളിയും മാറുന്നത് ടൂറിസം വ്യവസായത്തിൻറെ വളർച്ചയ്ക്ക് സഹായിക്കും. കോറിഡോർ മാതൃകയിൽ ഉള്ള ടൂറിസം വികസനം വഴി ക്രൂസ് ഷിപ്പുകൾ, കാരവൻ, വിസ്ത ഡോം ട്രെയിനുകൾ, ഹെലികോപ്ടർ തുടങ്ങിയ പശ്ചാത്തല സൌകര്യങ്ങൾ കൂടി വികസിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.